**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.113/2025 29.11.2025

## മനം കവരും ക്രിസ്മസ് ട്രീകളുമായി കൃഷി വകുപ്പ്.

## സംസ്ഥാനത്തെ വിവിധ ഫാമുകളിലൂടെ വില്പന.

തിരുവനന്തപുരം: ഇത്തവണത്തെ ക്രിസ്മസ് കഴിഞ്ഞാലും വീട്ടുമുറ്റത്ത് അഴകൊരുക്കാൻ ജീവനുള്ള ക്രിസ്മസ് ട്രീകളുമായി കൃഷിവകുപ്പ്. പ്ലാസ്റ്റിക് ക്രിസ്മസ് ട്രീകളുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെ ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023 മുതൽ സംസ്ഥാന കൃഷിവകുപ്പ് വിവിധ ഫാമുകൾ മുഖേന ജീവനുള്ള ക്രിസ്മസ് ട്രീകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര വൃക്ഷങ്ങളാണ് ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, ക്രിസ്മസ് ട്രീകളായി കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. പരിസ്ഥിതി സൗഹൃദമായ ആഘോഷങ്ങൾ എന്ന സന്ദേശം നൽകിക്കൊണ്ടാണ് കൃഷിവകുപ്പ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ക്രിസ്മസ് കാലയളവിൽ മാത്രമല്ല വർഷം മുഴുവൻ വീടുകളുടെ പൂന്തോട്ടങ്ങളെ ഹരിതാഭമായി നിലനിർത്തുന്നതിനും ഇത് കാരണമാകും. പൈൻമരത്തെപ്പോലെ കോണാകൃതിയിൽ വളരുന്ന മരങ്ങളിൽ തട്ടുതട്ടായി ശാഖകൾ ഉണ്ടാകുന്ന അരക്കേറിയ, ഇളംപച്ചനിറത്തിലുള്ള ഗോൾഡൻ സൈപ്രസ്, വളരെ കുറഞ്ഞ പരിചരണം ആവശ്യമുള്ള പിരമിഡ് ആകൃതിയിൽ വളരുന്ന തുജ എന്നീ ഇനങ്ങൾ ലാന്റ്സ്കേപ്പുകൾക്ക് അനുയോജ്യവും, ചെറിയ ചെടികൾ അകത്തളങ്ങൾക്ക് അലങ്കാരവുമാകും. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീകൾ ഇത്തവണ സജ്ജമാക്കിയിട്ടുണ്ട്. തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത്.

**ക്രിസ്മസ് ട്രീകൾ വിലവിവരം**

1. ഗോൾഡൻ സൈപ്രസ് – മൂന്നടി ഉയരം (എച്ച്.ഡി.പി.ഇ ചട്ടിയിൽ) – 300 രൂപ
2. തുജ – രണ്ട് വർഷം പ്രായമായത് (മൺചട്ടിയിൽ) – 500 രൂപ
3. അരക്കേറിയ – നാലടി ഉയരം (മൺചട്ടിയിൽ) – 400 രൂപ

**ലഭ്യമായ ഫാമുകളും ബന്ധപ്പെടേണ്ട നമ്പറും**

| **ജില്ല** | **ഫാമിന്റെ പേര്** | **ഫോൺ നമ്പർ** |
|---|---|---|
| തിരുവനന്തപുരം | സ്റ്റേറ്റ് സീഡ് ഫാം, ചിറയൻകീഴ് | 9383470299 |
| കൊല്ലം | ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, അഞ്ചൽ | 9383470361 |
| | കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി | 9383470336 |
| | സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര | 9383470336 |
| | സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ | 9383470334 |
| പത്തനംതിട്ട: | സ്റ്റേറ്റ് സീഡ് ഫാം, അടൂർ | 9383470516 |
| ആലപ്പുഴ | ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, മാവേലിക്കര | 9383470691 |
| കോട്ടയം | ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, കോഴ | 9383470721 |
| | സ്റ്റേറ്റ് സീഡ് ഫാം, കോഴ | 9383470719 |
| ഇടുക്കി | സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ | 9383470834 |
| എറണ്ണാകുളം: | സ്റ്റേറ്റ് സീഡ് ഫാം, ആലുവ | 9383471192 |
| | സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ | 9383471193 |
| | കോക്കനട്ട് നഴ്സറി, വൈറ്റില | 9383471194 |
| | ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, നേര്യമംഗലം | 9383479915 |
| തൃശ്ശൂർ | ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, ചേലക്കര | 9383471433 |
| | സ്റ്റേറ്റ് സീഡ് ഫാം, കോടശ്ശേരി | 9383471427 |
| | സ്റ്റേറ്റ് സീഡ് ഫാം, എടത്തുരുത്തി | 9383471431 |
| | സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി | 9383471426 |
| പാലക്കാട് | സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി | 04662212009 |
| കോഴിക്കോട്: | സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി | 04962512340 |
| | ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, കൂത്താളി | 9383471807 |
| | സ്റ്റേറ്റ് സീഡ് ഫാം, പേരാമ്പ്ര | 9383471808 |
| കണ്ണൂർ | കോക്കനട്ട് നഴ്സറി, പാലയാട് | 9383472049 |
| | സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ | 9383472046 |
| | ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം തളിപ്പറമ്പ | 9383472042 |
| കാസർഗോഡ് | കാഷ്യു പ്രോജനി ഓർച്ചാർഡ്, അന്നൂർ, ഗ്വാളിമുഖ | 9383471972 |

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**